# Weekly Devotion - January 2017

## The Lord who looked down (താഴേക്ക് നോക്കിയ ദൈവം)



ഒരിക്കൽ ഒരു പക്ഷി കൂടുണ്ടാക്കുവാൻ പറ്റിയ സ്ഥലം തേടി ഒരു പകൽ മുഴുവൻ സമയം ചെലവഴിച്ചു. നിലം പറ്റെ കിടക്കുന്നതും പുൽത്തകിടിയിൽ ഉള്ളതുമായ ഒരു ചെടി കൊള്ളാമെന്ന് ആദ്യം അതിന് തോന്നി. എന്നാലവിടം തുറസ്സായ സ്ഥലം ആയതിനാൽ അവിടെ അപകടം ഉണ്ടാകും എന്ന ചിന്തയാൽ ആ സ്ഥലം ഉപേക്ഷിച്ചു. തുടർന്ന് റോഡിരികിലുള്ള ഒരു ചെറിയ വൃക്ഷമായാലോ എന്ന് കരുതി ആ സ്ഥാനവും അപകട സാദ്ധ്യതയുള്ളത് എന്ന് കണ്ട് അതും ഒഴിവാക്കി. എന്നാൽ അടുത്ത ദിവസം ഈ പക്ഷിയുടെ കണ്ണുകളിൽ ഇടതൂർന്ന മരങ്ങളുള്ള, പാറക്കെട്ടുകളും മറവിടങ്ങളും ഉള്ള ഒരു സ്ഥലം കണ്ടെത്തി. നോക്കുക, തന്റെ സൃഷ്ടികളെ ശ്രദ്ധയോടെ നോക്കുന്ന ദൈവത്തിന്റെ കരുതൽ. താഴേക്ക് നോക്കുന്ന ദൈവം അഥവാ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പുലർത്തുന്നവനാകയാലാണ് യഥാസ്ഥാനത്ത് അതിനെ എത്തിച്ചത്.

ഇതു പോലെ തന്നെ സ്വർഗ്ഗസ്ഥനായ പിതാവ് നമുക്കായും കരുതുന്നവനാണ്. സങ്കീ: (14:2) ൽ " യഹോവ സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രന്മാരെ നോക്കുന്നു" എന്നും, സങ്കീ: (33:13) ൽ " യഹോവ സ്വർഗ്ഗത്തിൽ നിന്ന് നോക്കുന്നു, മനുഷ്യപുത്രന്മാരെ ഒക്കെയും

കാണുന്നു” എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ഗോപുരത്തിൽ നിന്ന് താഴേക്ക് ശ്രദ്ധിച്ച് നോക്കുന്നതു പോലെയാണ് യഹോവ തന്റെ മക്കളെ ശ്രദ്ധിക്കുന്നത്. നമ്മുടെ ദൈവത്തിന്റെ കണ്ണ് എപ്പോഴും നമ്മുടെ മേൽ ഉണ്ട്. എല്ലാം അവന്റെ ദൃഷ്ടിയ്ക്ക് തുറന്നതും മലർന്നതുമാണ്.



പുറ: (14:24) ൽ പ്രഭാതയാമത്തിൽ യഹോവ അഗ്നി മേഘ സ്തംഭ ത്തിൽ നിന്ന് മിസ്രയീമ്യ സൈന്യത്തെ നോക്കി അവരെ താറുമാറാക്കി എന്ന് കാണുന്നു. താൻ വിളിച്ചിറക്കിയ തന്റെ സ്വന്തജനത്തെ പകൽ മേഘ സ്തംഭമായും രാത്രി അഗ്നിസ്തംഭമായും കാത്ത് പരിപാലിച്ചത് യഹോവ തന്നെ ആയിരുന്നു. തന്റെ ജനത്തിന് ചെങ്കടൽ കടക്കുവാൻ ഉണങ്ങിയ നിലം ഒരുക്കിയതും അവരെ വഴി നടത്തുന്ന, ദൃഷ്ടി അവരുടെ മേലുള്ള യഹോവ തന്നെയായിരുന്നു. കിഴക്കൻ കാറ്റ് അയച്ച് കടലിനെ പിൻവാ ങ്ങിച്ച് വഴി ഒരുക്കിയ ദൈവം പ്രഭാതയാമത്തിൽ അഗ്നിമേഘസ്തംഭത്തിൽ നിന്നും യിസ്രായേലിനെ നോക്കി. താഴേക്കുള്ള ആ നോട്ടം മിസ്രയീമ്യ സൈന്യത്തെ താറുമാറാക്കി യഹോവയുടെ ദൃഷ്ടി തന്റെ മക്കളുടെ മേൽ ഉള്ളതിനാൽ ദുഷ്ടന്മാർ ഛേദിക്കപ്പെടും. യഹോവ തന്റെ ജനത്തിന് വേണ്ടി ശത്രുവിനോട് യുദ്ധം ചെയ്തു. ദൈവജനം അക്കരെ എത്തിയ പ്പോൾ വെള്ളം പൂർവ്വസ്ഥിതിയിലാക്കി യഹോവ ഫറവോനെയും അവന്റെ

സൈന്യത്തെയും നശിപ്പിച്ചു. കടല്ക്കരയിൽ ചത്തു കിടക്കുന്ന തങ്ങളുടെ ശത്രുക്കളെ കണ്ട ദൈവജനം ദൈവത്തെ ഭയപ്പെട്ടു.

എത്ര പരിതാപകരമായ അവസ്ഥ. ഓർക്കുക! പുതുവർഷത്തിൽ പഴയ ശത്രു നിരകളെ ഓർത്ത് ഭാരപ്പെടേണ്ട കാര്യമില്ല. യഹോവയുടെ വലകൈ ബലത്തിൽ മഹത്വപ്പെട്ട് ശത്രുവിനെ തകർത്തുകളയും. എതിരികളെ അവന്റെ മഹാപ്രഭാവത്താൽ സംഹരിക്കുകയും ചെയ്യുന്നു. താഴേക്ക് ശ്രദ്ധയോടെ നോക്കി അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഈ ദൈവത്തെപ്പോലെ ഒരു ദൈവം വേറെ ആരാണുള്ളത്.

പ്രീയ കുഞ്ഞുങ്ങളെ ! ഈ പുതുവർഷം നമ്മെ നോക്കുന്ന കർത്താവിനെ നമുക്കും നോക്കാം. അപ്പോൾ നമ്മുടെ ജീവിതത്തെ തെറ്റിലേക്ക് നയിക്കുന്ന അവസരങ്ങൾ നമുക്കുണ്ടാകുന്നില്ല. മനസ്സ് ശുദ്ധമായാൽ നമ്മുടെ കണ്ണ് ഉയർത്തേണ്ടിടത്തേക്ക് ഉയർത്തുവാൻ നമുക്ക് കഴിയുന്നു. അപ്പോൾ നമ്മെ നോക്കി സന്തോഷിക്കുന്ന ദൈവത്തെ നമുക്ക് കാണുവാനാകും അവന്റെ സഹായം പ്രാപ്യമാക്കുവാനും കഴിയുന്നു. ഈ പുതുവർഷാരംഭത്തിൽ തന്നെ വിശ്വാസത്തിന്റെ നായകനായ കർത്താവിന്റെ നോട്ടം നമ്മുടെ മേൽ വരുവാൻ ഇടയാകട്ടെ. അവിടേയ്ക്ക് ദൃഷ്ടി ഉയർത്തുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

**<u>പ്രാർത്ഥന</u>**

പ്രീയ യേശുവേ! ഞങ്ങളുടെ കണ്ണുകളെ കണ്ണുനീരിൽ നിന്നും, പ്രാണനെ മരണത്തിൽ നിന്നും വിടുവിച്ച് കഴിഞ്ഞ ഒരു വർഷം നടത്തിയതിന് നന്ദി. ക്രിസ്തുവിൽ ആരംഭം കുറിക്കുവാൻ അങ്ങ് ഞങ്ങളെ നോക്കി വഴിയിലെ തടസ്സങ്ങളെ മാറ്റി നടത്തേണമേ. യേശുവിൻ നാമത്തിൽ തന്നെ ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind